(ബി) സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കെതിരെ സർവ്വീസ് സംഘടനകളുടെ ശക്തമായ എതിർപ്പ് തുടരുന്ന സാഹചര്യത്തിൽ കേന്ദ്രം നൽകിയ മാതൃകയിൽ ശമ്പളം നൽകുവാൻ അടിയന്തര തീരുമാനം ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവും പരിശോധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ചോദ്യം പ്രസക്തമല്ല.

അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളപരിഷ്കരണം

50(1295) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാർ കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ നൽകിയ, വനിതാ ജീവനക്കാർക്ക് രണ്ട് വർഷം വരെ തങ്ങളുടെ മക്കളെ പരിചരിക്കുന്നതിന് ശമ്പളത്തോടുകൂടിയ അവധി, താഴ്ന്ന വിഭാഗം ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 11,500 രൂപ ജീവനക്കാർക്ക് കുടുംബസമേതം വർഷത്തിൽ ഒരിക്കൽ ഇൻഡ്യയ്ക്കകത്ത് ടൂർ പോകുന്നതിനുള്ള ആനുകൂല്യങ്ങൾ തുടങ്ങിയവ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതിയും, ധനകാര്യവകുപ്പും ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിച്ചുവരുന്നതേയുള്ളൂ.

എൻഡോസൾഫാൻ ദുരന്തബാധിതർ

51(1296) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻഡോസൾഫാൻ ബാധിതരായി എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ദുരന്തബാധിതർക്ക് മാസംതോറും നൽകുന്ന സാമ്പത്തിക സഹായം എത്ര രൂപവീതമാണ് ?

ഉത്തരം

(എ) സംസ്ഥാനത്ത് കാസർഗോഡ് ജില്ലയാണ് ഇപ്പോൾ എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലാ കളക്ടർ നൽകിയ ലിസ്റ്റ് പ്രകാരം 3937 എൻഡോസൾഫാൻ ദുരിത ബാധിതരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly